(സി) ടിക്കറ്റുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട പോരായ്മകളും നടത്തിപ്പിലെ വീഴ്ചകളും സർക്കാർ ലോട്ടറിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് അപാകതകൾ പരിഹരിക്കാനും കാരുണ്യപോലെയുള്ള ജനോപകാരപ്രദമായ പദ്ധതികൾ കൂടുതൽ വരുമാന മാർഗ്ഗമുള്ളതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിൽപ്പനയിൽ കുറവ് സംഭവിച്ചതായുള്ള വർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്സുകളിൽനിന്നും അച്ചടിച്ച് വിതരണത്തിനായി ലഭിക്കുന്ന ടിക്കറ്റുകളിൽ അപൂർവ്വമായി കണ്ടുവരുന്ന പോരായ്മകളായ ടിക്കറ്റ് ഇരട്ടിക്കൽ, ബാർകോഡ്, സീക്രട്ട് കോഡ് എന്നിവ റീഡ് ചെയ്യാൻ കഴിയാത്തത് എന്നിവ ഭാഗ്യക്കുറി വകുപ്പ് അപ്പപ്പോൾ തന്നെ പ്രസ്സ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പോരായ്മകൾ ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കാനും വരുമാനം വർദ്ധിപ്പിക്കാനുമായി 2015 ഓഗസ്റ്റ് മാസം മുതൽ കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി കാരുണ്യ ലോട്ടറിയിൽനിന്നുള്ള വരുമാനം മതിയാകാതെ വന്നതിനെ തുടർന്ന് പ്രതീക്ഷ ഭാഗ്യക്കുറിയെ കാരുണ്യ പ്ലസ് എന്ന് പുനർനാമകരണം ചെയ്യുകയും, മുഖവില 40 രൂപയിൽനിന്ന് 50 രൂപയാക്കി ഉയർത്തി അതിൽനിന്നുള്ള അറ്റാദായംകൂടി കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്യുവരുന്നു. കൂടാതെ സമ്മാനങ്ങളുടെ എണ്ണത്തിലും ആകെ സമ്മാനത്തുകയിലും വർദ്ധനവ് വരുത്തിക്കൊണ്ട് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കൂടുതൽ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ പത്രമാധ്യമങ്ങളിലൂടെയും ടി.വി. ചാനലുകളിലൂടെയും പരിമിതമായ തോതിൽ പരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സൗഭാഗ്യം പദ്ധതി**

**75 (5880)** ശ്രീ. പാലോട് രവി :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സൗഭാഗ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യ ഭവന പദ്ധതി.

(സി) 2015-16 ബഡ്ജറ്റിൽ 10 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ഹഡ്കോയെ സമീപിച്ചെങ്കിലും വായ്പ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് ഹഡ്കോ അറിയിച്ചിട്ടുള്ളതിനാൽ ദേശസാൽകൃത ബാങ്കുകളിൽനിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

## കാസർകോട് ജില്ലയിലെ ഒറ്റനമ്പർ ലോട്ടറി

**76 (5881)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഒറ്റനമ്പർ ലോട്ടറി വ്യാപകമാവുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(സി) എത്ര കേസ്സുകൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളെ കേന്ദ്രമാക്കി ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടം വ്യാപകമായി നടക്കുകയും അതിനെതിരെ കേസ് രജിസ്റ്റർചെയ്ത് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടത്തിനെതിരെ 16 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly